[Mr. P. S. Mohamed]

നിവൃത്തിയില്ല. ജനകീയ ഗവണ്മെൻറ് അവരുടെ ഭരണാധികാരം കയ്യേറ അവസരത്തിൽ തന്നെ ജനങ്ങൾ പലതും പ്രതീക്ഷിച്ചിരുന്നു. കൂടുതൽ പ്രതീക്ഷിച്ചതു് പട്ടിണിക്കാരായിരുന്നു. കൂടുതൽ നിരാശപ്പെട്ടതും അവരാകുന്നു. എന്തെന്നാൽ അവർക്കു കൂടുതൽ വിഷമം ഉണ്ടാക്കുന്ന അരിവില കൂട്ടലായിരുന്നു. നിർഭാഗ്യവശാൽ ഗവണ്മെൻറ് അതു മനഃപൂർവമല്ലെങ്കിലും അരിക്കും നെല്ലിനും വില കൂട്ടിയതു് സാധാരണക്കാരന്റെ നേർക്കു് നാം ചെയ്തിട്ടുള്ള ഒരു കടുംകയ്യാണെന്നു് അവർ വിശ്വസിക്കുന്നു. നെല്ലിന്റെ അല്ലെങ്കിൽ അരിയുടെ വിലകുറയ്ക്കുന്നതിനു് ഗവണ്മെൻറിനു് കഴിഞ്ഞിട്ടില്ലെങ്കിലും അവരുടെ സാമ്പത്തിക സ്ഥിതി അഭിവൃദ്ധിപ്പെടുത്തുവാൻ പ്രയോജനപ്പെടുന്ന പദ്ധതികൾ ഈ ബഡ്ജറിൽ ഉണ്ടാകുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നു. ഈ ബഡ്ജറിൽ അതിനായി എന്തെങ്കിലും ചെയ്തിട്ടുണ്ടോ എന്നു നോക്കിയാൽ യാതൊരാശ്വാസത്തിനും വകയില്ലാ എന്നു തന്നെ പറയാം. എന്നു മാത്രമല്ല സാധാരണക്കാർ ഭയപ്പെടത്തക്ക നിലയിലുള്ള ചിലനിർദ്ദേശങ്ങളും കാണുന്നു. അതായതു് ഒരു തരം കൺട്രോൾ സംപ്രദായം നടപ്പിലാക്കണമെന്നു് ഗവണ്മെൻറ് ആഗ്രഹിക്കുന്നതായി കാണുന്നു. അതിന്റെ ഫലം നല്ലതായിരിക്കുമോ ചീത്തയായിരിക്കുമോ എന്നിപ്പോൾ പറയാൻ നിവൃത്തിയില്ല. ഏതായാലും അതു് സാധാരണക്കാരനെ വിഷമിപ്പിക്കുന്നതായിരിക്കും.

MR. PRESIDENT : ആർ.ഡർ, ആർ.ഡർ. സഭ ഇപ്പോൾ ലഞ്ചിനു പിരിയുന്നതും ഇതു സംബന്ധിച്ചുള്ള ചർച്ചകൾ വൈകുന്നേരം സഭ കൂടുമ്പോൾ തുടരുന്നതുമായിരിക്കും.

The House adjourned for lunch at 1 p. m.

The House re-assembled after lunch at 2 p. m. with the President in the chair.

ORDER OF DEMANDS FOR GRANDS.

MR. PRESIDENT : ഡിമാൻറിന്റെ ആർഡറിൽ എന്തെങ്കിലും ഭേദഗതി ചെയ്യണമെന്നു് സഭയ്ക്കു് അഭിപ്രായമുണ്ടോ എന്നു് അറിഞ്ഞാൽ കൊള്ളാം.

MR. P. GOPALAN (*Vaikom III—General*): Demand No. 26 and 27 may be taken up after land revenue.

MR. A. NESAMONY: Demand numbers 11, 8, 9, and 13 may be taken up as demand numbers 1, 2, 3, and 4.

HON'BLE MR. A. THANU PILLAI : Anyway all those will come.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : ഡിമാൻറ് നമ്പർ ഫ ഫ ഒന്നാമതും, വ രണ്ടാമതും, ൻ മൂന്നാമതും, ഫ നാലാമതും എന്ന ഓർഡറിൽ വരണമെന്ന് മി. നേശമണി അഭിപ്രായപ്പെട്ടതു. ഇതോട് സഭ യോജിക്കുമെന്നു വിശ്വസിക്കുന്നു.

MR. K. P. NILAKANTA PILLAI (*Chirayinkil I—General*) : ഏതായാലും ജനറൽ ഡിസ്കഷൻ കഴിഞ്ഞു ഏഴരമണിക്കു ഡിപ്പർട്ടുമെൻറൽ ഡിസ്കഷൻ നടക്കുന്നതാണ്. അതുകൊണ്ട് ആദ്യത്തെ ഇരുപത്തിഒന്നു ഡിമാൻറ് മാറേണ്ട കാര്യമില്ല. പ്രസിഡൻറിൻെറ നോട്ടമനുസരിച്ച് അതിലേക്കുള്ള സമയം തീർച്ചയായും കിട്ടും. അതുകൊണ്ട് ഫ ഫ ാമതേതു കഴിഞ്ഞു വല്ല മാറ്റവും ആവശ്യമുണ്ടെങ്കിൽ ചെയ്യാൽമതി. അല്ലാതെ ഇപ്പോഴത്തെ ഓർഡറിനെ ഡിസ്ലൊക്കേറ്റ് ചെയ്യേണ്ട ആവശ്യമില്ലെന്നാണ് എൻെറ അഭിപ്രായം.

MR. PRESIDENT : ജനറൽ അഡ്മിനിസ്ട്രേഷൻ, എഡ്യൂക്കേഷൻ, പി. ഡബ്ള്യൂ. ഡി. ഈ മൂന്നു ഡിമാൻറിനെപ്പറ്റിയുള്ള ചർച്ചയ്ക്ക് മൂന്നു ദിവസമുണ്ടായിരിക്കുമെന്നാണ് നേരത്തെ പ്രസ്താവിച്ചിട്ടുള്ളതു്. ബാക്കി നാലുദിവസമേയുള്ളൂ. സഭയുടെ അഭിപ്രായം അനുസരിച്ച് ഏതെങ്കിലും ഭേദഗതി ചെയ്യാവുന്നതാണ്. ഏതായാലും ഇക്കാര്യത്തിൽ കഴിയുന്നതും വേഗം ഒരു തീരുമാനം ചെയ്യണം.

MR. P. M. VARGHESE : ഡിമാൻറ് വളരെ കൂടുതലുള്ളതുകൊണ്ട് ചർച്ചയ്ക്ക് രണ്ടു ദിവസംകൂടെ കൂടുതൽ അനുവദിച്ചാൽ തരക്കേടില്ലെന്നു എനിക്കഭിപ്രായമുണ്ട്.

MR. PRESIDENT : അതു് നേരത്തെ നിശ്ചയിച്ചു കഴിഞ്ഞതാണ്. ഇനി അതു കൂട്ടാൻ നിവൃത്തിയില്ല. മി. നേശമണിയുടെ അഭിപ്രായത്തോട് സഭ യോജിക്കുന്നോ എന്നു അറിഞ്ഞാൽ കൊള്ളാം.

(വോട്ടിനിട്ടതിൽ ഭേദഗതി പാസ്സായില്ല).

MR. K. P. NILAKANTA PILLAI : ന, ന, ം, ഫ ം, ഫ വ എന്നീ ഡിമാൻറുകളും പുറകോട്ടു കൊണ്ടുപോയാൽ പ്രധാനമായുള്ളവ മുമ്പോട്ടു വരുന്നതാണു.

MR. A. NESAMONY : Has the hon'ble member any objection to have demand No. 12 also postponed ?

MR. K. P. NILAKANTA PILLAI : No. Demand Nos. III, VI, VII XII, XVII, XXIII, and XXIV may be thrown to the end so that the rest will come up in the beginning (laughter).

LIBRARY ARCHIVES Kerala Legislative Assembly

MR. JOSEPH MALIECKAL: I oppose the suggestion to postpone demand No VII.

MR. PANADVATHU SANKARA PILLAI: കോവാപ്പറേറീവ് ഡിപ്പാർട്ട്മെൻറിലേക്കുള്ള ഡിമാൻറിനെ ഇപ്പോഴത്തെ സ്ഥാനത്തുനിന്നു മാറരുതെന്നാണ് എൻറെ അഭിപ്രായം.

MR. K. P. NILAKANTA PILLAI: കോവാപ്പറേറീവ് ഡിമാൻറ് മാറുന്നില്ല.

ഭൂരിപക്ഷം ഈ അഭിപ്രായത്തോടുയോജിച്ചതായി കണ്ടു.

MR. PRESIDENT: ൧, ൨, ൩, ൪, ൫, ൬, ൭, ൮, ൯, ൧൦, ഈ ഡിമാൻറുകൾ അവസാനമായി; അതായത് Debt Head Industrial loans കഴിഞ്ഞു് ചേർക്കുന്നതായിരിക്കും.

GENERAL DISCUSSION ON THE BUDGET—(*Contd.*)

MR. P. S. MUHAMMED: സർ, സാധാരണക്കാരനു് വഹിക്കാൻ നിവൃത്തിയില്ലാത്തവിധം റേഷൻ സാധനങ്ങളുടെ വില വർദ്ധിച്ചിരിക്കുകയാണെന്നു ഞാൻ മുമ്പേ പ്രസ്താവിച്ചുവല്ലോ. മറ്റു് ആഹാരസാധനങ്ങളെ സംബന്ധിച്ചു നോക്കിയാലും എല്ലാത്തിനും വില വളരെ വർദ്ധിച്ചിട്ടുണ്ടു്. കുപ്പച്ചാണെങ്കിൽ നാലിരട്ടിവില വർദ്ധിച്ചിട്ടുണ്ടു്. സാധാരണക്കാരനു് അടുത്തു ചെല്ലാൻ നിവൃത്തിയില്ലാത്തവിധം മാർക്കറ്റിൽ വരുന്ന മീനെല്ലാം പ്രമുഖന്മാരുടെ വീട്ടിലേക്കു് പറന്നുപോവുകയാണു് ചെയ്യുന്നതു്. സാധാരണക്കാരൻറെ വൈഷമ്യം പരിഹരിക്കുന്നതിനു് യാതൊന്നുംതന്നെ ഈ ബഡ്ജറിൽ കാണാതിരിക്കുന്നതിൽ ഞാൻ മനസ്താപിക്കുന്നു. ഇനി അവൻറെ വരവു് വർദ്ധിപ്പിക്കുന്ന സാമ്പത്തികനിലയിൽ എന്തെങ്കിലും പദ്ധതിയുണ്ടോ എന്നു നോക്കിയാൽ അതിനും ഒരു വ്യവസ്ഥയും ചെയ്തിട്ടില്ല. ഇപ്പോൾ ഘോരമായ തൊഴിലില്ലായ്മയും രാജ്യത്തിൻറെ എല്ലാ ഭാഗത്തും ശക്തി പ്രയോഗിച്ച വരികയാണു്. ജോലിയില്ലാതെ വളരെ ആളുകൾ കഷ്ടപ്പെടുന്നു. ഈ നിലയ്ക്കെങ്കിലും ഒരു ആശ്വാസം കൊടുക്കുന്നതിനു് ഇതിനുമുമ്പു് നിരന്തരവാദമായി തുടർന്നിരുന്ന ഗവണ്മെൻറ് ഉൾപ്പെടുത്തിയിരുന്ന ഒരു ലക്ഷം രൂപാ അല്ലാതെ പുതുതായി ഒന്നും തന്നെ ഈ ബഡ്ജറിൽ കാണുന്നില്ല. സാധുക്കളുടെ ഭവനനിർമ്മാണത്തെ സംബന്ധിച്ചു്. ഒരു സ്കീം ശരിപ്പെടുത്തുന്നതിനുള്ള യാതൊരു വ്യവസ്ഥയും ഇതിൽ ചെയ്തു കാണുന്നില്ല. കുടിയാന്മാർ ഭൂമിയുടമസ്ഥ

LIBRARY ARCHIVES Kerala Legislative Assembly